**കേരള സർക്കാർ**

**സംഗ്രഹം**

**തദ്ദേശ സ്വയംഭരണ വകുപ്പ് - പാലക്കാട് ജില്ല- മണ്ണൂർ ഗ്രാമപഞ്ചായത്തിലെ പേരടിക്കുന്ന് ലക്ഷം വീട് കോളനിയിൽ അപകടകരമായി നിൽക്കുന്ന വൃക്ഷങ്ങൾ പഞ്ചായത്ത് ലേലം ചെയ്തത് സാധൂകരിച്ചുകൊണ്ടും 'ടി' വൃക്ഷങ്ങൾ മുറിച്ചുമാറ്റുന്നതിന് ഗ്രാമപഞ്ചായത്തിന് അനുവാദം നൽകിക്കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.**

---

**തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പ്**

**സ.ഉ. (സാധാ)നം.1323/2012/ത.സ്വ.ഭ.വ.** **തീയതി, തിരുവനന്തപുരം, 14-5-2012**

---

**പരാമർശം :**

1. പാലക്കാട് സോഷ്യൽ ഫോറസ്ട്രി ഡിവിഷൻ അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്ററുടെ 10-10-11-ലെ പി 3-1730/2011 നമ്പർ നടപടി ക്രമം
2. കണ്ണൂർ ഗ്രാമപഞ്ചായത്തിന്റെ 16-12-11-ലെ ഏഴാം നമ്പർ തീരുമാനം.
3. പഞ്ചായത്ത് ഡയറക്ടറുടെ 8-3-12-ലെ സി1-271/12 നമ്പർ കത്ത്.

**ഉത്തരവ്**

പരാമർശം രണ്ടിലെ തീരുമാനത്തിന്റെയും പരാമർശം മൂന്നിലെ ശുപാർശയുടേയും അടിസ്ഥാനത്തിൽ പാലക്കാട് ജില്ലയിലെ മണ്ണൂർ ഗ്രാമപഞ്ചായത്തിലെ പതിമൂന്നാം വാർഡിലെ പേരടിക്കുന്ന് ലക്ഷം വീട് കോളനിയിൽ ഭവന പദ്ധതിയുടെ കെട്ടിടനിർമ്മാണാർത്ഥം അപകടകരമായി നിൽക്കുന്ന എട്ട് വൃക്ഷങ്ങൾ (തേക്ക്-5, മാവ്-3) 2,74,500/- (രണ്ട് ലക്ഷത്തി എഴുപത്തി നാലായിരത്തി അഞ്ഞൂറ്) രൂപയ്ക്ക് ലേലം ചെയ്ത മണ്ണൂർ ഗ്രാമപഞ്ചായത്തിന്റെ നടപടി സാധൂകരിച്ചുകൊണ്ടും 'ടി' വൃക്ഷങ്ങൾ മുറിച്ചുമാറ്റുന്നതിന് ഗ്രാമപഞ്ചായത്തിന് അനുവാദം നൽകിക്കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,  
എൻ. ആർ. ശ്രീലേഖ  
അണ്ടർ സെക്രട്ടറി.

**To**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം  
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം  
സീനിയർ ഡെപ്യൂട്ടി അക്കൗണ്ടന്റ് ജനറൽ, തദ്ദേശസ്വയംഭരണ ആഡിറ്റ് & അക്കൗണ്ട്സ്, തിരുവനന്തപുരം  
ഡയറക്ടർ, ലോക്കൽഫണ്ട് ആഡിറ്റ്, തിരുവനന്തപുരം  
അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ, സോഷ്യൽ ഫോറസ്ട്രി ഡിവിഷൻ, പാലക്കാട്  
സെക്രട്ടറി, മണ്ണൂർ ഗ്രാമപഞ്ചായത്ത് , മണ്ണൂർ പി.ഒ. പാലക്കാട് 678642  
ഇൻഫർമേഷൻ കേരള മിഷൻ (വെബ്സൈറ്റിൽ പ്രസിദ്ധീകരണത്തിന്)  
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ